(5) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ 7-ാമത് റിപ്പോർട്ട്

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : സർ, സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VIII. റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 3-ാമത് റിപ്പോർട്ട് പരിഗണന

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ജൂലൈ 20-ാം തീയതി രാവിലെ സഭയിൽ സമർപ്പിച്ച പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ സമിതിചെയർമാനുവേണ്ടി അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, പി.എസ്.സി-യുടെ തിരുവനന്തപുരം .....(ബഹളം).....ജില്ലയിലെ ചോദ്യപേപ്പർ.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങേയ്ക്ക് അടുത്ത ദിവസത്തേയ്ക്കാണ് അനുവദിച്ചിരിക്കുന്നത്.

IX. ധനകാര്യം

2004-2005 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെയും 1989-90, 1991-92, 1993-94, 1994-95, 1996-97, 1998-99, 1999-2000, 2000-2001, 2001-2002 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റുമെന്റ്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, 2004-2005 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടേയും 1989-90, 1991-92, 1993-94, 1994-95, 1996-97, 1998-99, 1999-2000, 2000-2001, 2001-2002 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധികധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റുമെന്റുകൾ ഞാൻ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly